## പതിനാലാം കേരള നിയമസഭ
## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 2941** **13.03.2018-ലെ മറുപടിയ്ക്ക്**

### തദ്ദേശ സ്വയംഭരണ സർവ്വീസ് രൂപീകരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.മുരളീധരൻ<br>ശ്രീ. അൻവർ സാദത്ത്<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ<br>ശ്രീ. വി.ടി.ബൽറാം | ഡോ.കെ.ടി.ജലീൽ<br>തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും<br>വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പമന്ത്രി |
| (എ) തദ്ദേശ സ്വയംഭരണ സർവ്വീസ് രൂപീകരണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) 27.12.2016-ലെ സ.ഉ.(കൈ) നം.198/2016/തസ്വഭവ പ്രകാരം പൊതുസർവ്വീസിനു വേണ്ടിയുള്ള കരട് വിശേഷാൽ ചട്ടം തയ്യാറാക്കുന്നതിന് ലോക്കൽ ഗവണ്മെന്റ് കമ്മീഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഏകീകൃത കേഡർ ഉണ്ടാക്കുന്നതിന്റെ പ്രാരംഭ നടപടിക്രമങ്ങൾ ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ ആരംഭിച്ചിട്ടുണ്ട്. 27.01.2018-ലെ സ.ഉ.(കൈ) നം.10/2018/തസ്വഭവ പ്രകാരം തദ്ദേശ സ്വയംഭരണ ഏകീകൃത കേഡർ രൂപീകരണത്തിന്റെ മുന്നൊരുക്കങ്ങൾ നടത്തുന്നതിനും കരട് ചട്ടങ്ങൾ അന്തിമ നടപടികൾക്കായി സമർപ്പിക്കുന്നതിനും കരട് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തേണ്ട സീനിയോറിറ്റി ലിസ്റ്റ് കുറ്റമറ്റതാക്കുക, നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റേഷ്യോ അനുസരിച്ചുള്ള കരട് വിശേഷാൽ ചട്ടത്തിൽ അപാകത യുണ്ടെങ്കിൽ അത് പരിഹരിക്കുക തുടങ്ങി പുതിയ സർവ്വീസ് നിലവിൽ വരുത്തുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം നിറവേറ്റുന്നതിന് നിർദ്ദിഷ്ട ഏകോപിത തദ്ദേശ സ്വയംഭരണ വകുപ്പിന്റെ പ്രിൻസിപ്പൽ ഡയറക്ടറായി ശ്രീ.എ.അജിത്കുമാർ ഐ.എ.എസ്.-നെ നിയമിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | 27.02.2018-ലെ സ.ഉ.(സാധാ) നം.570/2018/തസ്വഭവ പ്രകാരം പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിനായി പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യ വകുപ്പുകളിലെ ജീവനക്കാരെ വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ നിയമിച്ചിട്ടുണ്ട്. |
| (ബി) | അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഈ സർവ്വീസ് രൂപീകരണം എത്രമാത്രം സഹായകമാകുമെന്നറിയിക്കാമോ; | (ബി) | തദ്ദേശസ്വയംഭരണ സർവ്വീസ് രൂപീകരിക്കുന്നതിലൂടെ ഇന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ നേരിടുന്ന ഭരണപരമായ പ്രശ്നങ്ങൾക്കും ആസൂത്രണ പദ്ധതിയുടെ രൂപീകരണവും നിർവ്വഹണവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിന് കഴിയും. |
| (സി) | ഇത് സംബന്ധിച്ച് കരട് ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ; തദ്ദേശ സ്വയംഭരണ സർവ്വീസുമായി ബന്ധപ്പെട്ട ജീവനക്കാരുടെ ആശങ്ക പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? | (സി) | കരട് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. ജീവനക്കാരുടെ സംഘടനകളുമായി ചർച്ച ചെയ്തതിനു ശേഷം കരട് ചട്ടത്തിന് അന്തിമരൂപം നല്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**